(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നത് പൈപ്പുലൈൻ നീട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. പ്രസ്തുത പണി എത്രയും വേഗം പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

അയർക്കുന്നം കൂരോക്കട, പാമ്പാടി, മീനടം ശുദ്ധജലവിതരണ പദ്ധതി

120 (873) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർക്കുന്നം കൂരോക്കട, പാമ്പാടി, മീനടം എന്നീ നാലു പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി എന്നാണ് ആരംഭിച്ചത് എന്നും എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ ;

(ബി) ഇനി പൂർത്തിയാക്കാൻ ഉള്ള പദ്ധതികൾ ഏതെല്ലാം ;

(സി) ഈ പദ്ധതികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് ഈ സ്കീം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ശുദ്ധീകരിക്കാത്ത വെള്ളം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(എഫ്) എങ്കിൽ എപ്പോൾ ഈ ആവശ്യം നിറവേറ്റികൊടുക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1984-ൽ ആരംഭിച്ചു. 3/2002-ൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 40 ലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, പമ്പിംഗ് മെയിനുകളുടെ കൂട്ടിയോജിപ്പിക്കൽ, പമ്പുസെറ്റുകൾ സ്ഥാപിക്കുക, ജലവിതരണ ശൃംഖലയുടെ ബാക്കിയുള്ള 25 ശതമാനം പണികൾ എന്നിവയാണ് ഇനി പൂർത്തിയാക്കാനുള്ള പണികൾ.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മാർച്ച് 2002-ൽ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) ഈ വർഷം (2000-മാണ്ട്) ആഗസ്റ്റ് മാസം മുതൽ ഘട്ടം ഘട്ടമായി ഓരോ സോണിലും വിതരണം നടത്താൻ നടപടി എടുത്തിട്ടുണ്ട്.

തൊഴിലാളി ക്ഷേമനിധികളിലെ അംഗങ്ങൾ

121 (878) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള തൊഴിലാളി ക്ഷേമനിധികളിൽ ഓരോന്നിലും എത്ര അംഗങ്ങൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബന്ധപ്പെട്ട തൊഴിൽ രംഗത്ത് പണിയെടുക്കുന്ന എത്ര ശതമാനം പേർ വീതം ഈ ക്ഷേമനിധികളിൽ ഇപ്പോൾ അംഗങ്ങളാണെന്ന് വ്യക്തമാക്കുമോ ;

(സി) അവശേഷിക്കുന്നവരെക്കൂടി ഒരു നിശ്ചിത കാലത്തിനുള്ളിൽ അംഗങ്ങളാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) തൊഴിലാളികൾ സ്വയം അംഗങ്ങളാകേണ്ടതാണ്. നിർബന്ധിച്ച് ചേർക്കുന്നത് ഉചിതമല്ല. ക്ഷേമനിധികൾക്ക് കീഴിലുള്ള വിവിധ പദ്ധതികൾ കൂടുതൽ ആകർഷകമാക്കിക്കൊണ്ടും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു കൊണ്ടും ബോധവൽക്കരണ ക്യാമ്പുകൾ നടത്തിയും തൊഴിലാളികളെ അംഗങ്ങളാക്കി ചേർക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചെത്തുതൊഴിലാളികൾക്കു നൽകിവരുന്ന പ്രതിമാസ പെൻഷൻ

122 (883) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെത്തുതൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ പെൻഷൻ തുക എത്രയാണ് ; ഈ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) വർഷങ്ങളായി ചെത്ത് തൊഴിൽ ചെയ്ത് പിരിഞ്ഞ തൊഴിലാളികൾ ഫണ്ടിൽ രജിസ്റ്റർ ചെയ്തില്ലെന്ന കാരണത്താൽ പെൻഷൻ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരമുള്ള തൊഴിലാളികൾക്ക് കൂടി പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly